ജൂൺ 2026



# GREGORIAN

## മരുഭൂമിയിലെ പരുമല

## ST. GREGORIOS ORTHODOX CHURCH SHARJAH

# PARISH BULLETIN



ESTD : 1979 Vol 06/2026 JUNE 2026 / Pages 8

## ഉയിർപ്പിൽ നിന്ന് ആത്മാവിന്റെ ശക്തിയിലേക്കു



**' ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു.' ( വെളിപ്പാട് 1 : 18 )**
ഈ ദിവ്യവചനം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യത്തെ പ്രഖ്യാപിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യരാശിക്ക് നൽകിയ ഏറ്റവും വലിയ പ്രത്യാശയാണ്. കുരിശിലെ മരണം അവസാനമല്ലെന്നും, ദൈവസ്നേഹം മരണത്തെ പോലും ജയിച്ചുവെന്നും ഉയിർപ്പ് നമുക്ക്  ഉറപ്പുനൽകുന്നു. പാപവും അന്ധകാരവും നിറഞ്ഞ ലോകത്തിൽ വിശ്വാസിയുടെ ജീവിതം പ്രത്യാശയുടെ വെളിച്ചമായി മാറേണ്ടതിന്റെ വിളിയാണ് ഉയിർപ്പിന്റെ സന്ദേശം. ക്രിസ്തുവിന്റെ ഉയിർപ്പ് സഭയുടെ വിശ്വാസത്തെയും ആരാധനയെയും ആത്മീയജീവിതത്തെയും ശക്തിപ്പെടുത്തുന്ന അമൂല്യമായ അനുഭവമാണ്.
ഉയിർപ്പിലൂടെ കർത്താവ് തന്റെ വിജയം പ്രഖ്യാപിച്ചതിനുശേഷം ശിഷ്യന്മാരെ ആശ്വസിപ്പിക്കുകയും ദൗത്യബോധത്തോടെ ശക്തിപ്പെടുത്തുകയും ചെയ്തു. ഈ ദൗത്യത്തിന്റെ തുടർച്ചയായാണ് സഭ നമ്മെ സ്വർഗ്ഗാരോഹണത്തിന്റെ മഹത്വത്തിലേക്ക് നയിക്കുന്നത്.

**"ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കുവാൻ പോകുന്നു." (യോഹന്നാൻ 14:2)**
കർത്താവിന്റെ സ്വർഗ്ഗാരോഹണം വിശ്വാസികൾക്ക് നിത്യജീവിതത്തിന്റെ പ്രത്യാശയും സ്വർഗ്ഗരാജ്യത്തിന്റെ ഉറപ്പും നൽകുന്നു. ക്രിസ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തത് നമ്മെ വിട്ടുപോകുവാനല്ല; മറിച്ച് പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി ഇടപെടുവാനും നമുക്ക് നിത്യരാജ്യത്തിൽ സ്ഥലം ഒരുക്കുവാനും ആണെന്ന് സഭ വിശ്വസിക്കുന്നു. അതിനാൽ സ്വർഗ്ഗാരോഹണം നമ്മുടെ ആത്മീയ ദർശനം ഉയർത്തുകയും ഭൂമിയിലെ താൽക്കാലികതയെ മറികടന്ന് നിത്യലക്ഷ്യത്തിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. എന്നാൽ സ്വർഗ്ഗാരോഹണം വിടവാങ്ങലിന്റെ സന്ദേശമല്ല; അത് ഒരു വാഗ്ദാനത്തിന്റെ തുടക്കമാണ്. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു: അവർ ഒറ്റപ്പെടുകയില്ല; പരിശുദ്ധാത്മാവ് അവരിലേക്ക് വരും. അങ്ങനെ സഭയുടെ ആത്മീയജീവിതം നയിക്കപ്പെടുന്നത് പെന്തിക്കോസ്തിയുടെ മഹാസംഭവത്തിലേക്കാണ്.

**'എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും.' (അപ്പൊ. പ്രവൃത്തികൾ 1 : 8)**
ഈ വചനത്തിന്റെ പൂർണ്ണതയാണ് പെന്തിക്കോസ്തി. പരിശുദ്ധാത്മാവിന്റെ അവരോഹണത്തോടെ ശിഷ്യന്മാർ ഭയത്തിൽ നിന്ന് ധൈര്യത്തിലേക്കും മൗനത്തിൽ നിന്ന് സാക്ഷ്യത്തിലേക്കും മാറി. പെന്തിക്കോസ്തി സഭയുടെ ജന്മദിനമായി പരിഗണിക്കപ്പെടുന്നു. പരിശുദ്ധാത്മാവ് സഭയ്ക്ക് ശക്തി നൽകുകയും വിശ്വാസികളെ വിശുദ്ധിയിലും ഐക്യത്തിലും സേവനത്തിലും വളർത്തുകയും ചെയ്യുന്നു. ആത്മാവിന്റെ പ്രവർത്തനം വിശ്വാസജീവിതത്തെ ദൈവസാന്നിധ്യത്തിന്റെ അനുഭവമാക്കി മാറ്റുന്നു; അതുവഴി സഭ ലോകത്തിനു മുന്നിൽ ജീവിക്കുന്ന സാക്ഷ്യമായി നിലകൊള്ളുന്നു.

പെന്തിക്കോസ്തിയുടെ അനുഗ്രഹം ശിഷ്യന്മാരെ ലോകത്തേക്ക് അയച്ചു. അവിടെ നിന്നാണ് സഭയുടെ സുവിശേഷപ്രഘോഷണ ദൗത്യം ആരംഭിച്ചത്. ഈ ദൗത്യത്തിന്റെ ആത്മാവിനെ ഓർമ്മിപ്പിക്കാനും വിശ്വാസികളെ ആത്മപരിശോധനയിലേക്കും സമർപ്പണത്തിലേക്കും വിളിക്കാനും ജൂൺ 16 മുതൽ 29 വരെ സഭ ശ്ലീഹാ നോമ്പ് ആചരിക്കുന്നു.

**'പത്രൊസ് അവനോടു: ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ.' (മത്തായി 19 : 27)**
ഈ വചനം ശ്ലീഹന്മാരുടെ ആത്മീയജീവിതത്തിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നു. ശ്ലീഹന്മാർ സുവിശേഷത്തിനായി ത്യാഗം സഹിക്കുകയും, ദൈവരാജ്യത്തിന്റെ സാക്ഷികളായി ലോകമാകെ സഞ്ചരിക്കുകയും ചെയ്തു. ശ്ലീഹാ നോമ്പ് നമ്മെ പ്രാർത്ഥനയിലും ഉപവാസത്തിലും ആത്മസംയമനത്തിലുമുള്ള സ്ഥിരതയിലേക്ക് വിളിക്കുന്നു. നോമ്പിന്റെ യഥാർത്ഥ അർത്ഥം ഭക്ഷണം ഒഴിവാക്കുന്നതിലല്ല; മറിച്ച് പാപം വിട്ട് വിശുദ്ധിയിലേക്ക് തിരിയുന്നതിലും കരുണപ്രവൃത്തികളിലൂടെ സ്നേഹം പ്രകടമാക്കുന്നതിലുമാണ്. ഈ കാലഘട്ടം വിശ്വാസികളെ ആത്മീയമായി പുതുക്കുകയും ക്രിസ്തുവിനോടുള്ള സമർപ്പണം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ഇങ്ങനെ മെയ്–ജൂൺ മാസങ്ങൾ സഭയുടെ ആത്മീയകലണ്ടറിൽ ഒരു സമ്പൂർണ്ണ യാത്രയായി മാറുന്നു: ഉയിർപ്പിന്റെ പ്രത്യാശയിൽ നിന്ന് സ്വർഗ്ഗാരോഹണത്തിന്റെ ദർശനത്തിലേക്ക്, അവിടെ നിന്ന് പെന്തിക്കോസ്തിയുടെ ആത്മശക്തിയിലേക്ക്, അതിനുശേഷം ശ്ലീഹാ നോമ്പിലൂടെ സാക്ഷ്യത്തിന്റെയും സമർപ്പണത്തിന്റെയും ജീവിതത്തിലേക്ക്.

**"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു ." (മത്തായി 5:14)**
ഈ വചനമാണ് ഈ പുണ്യകാലത്തിന്റെ ആത്മസാരമായി സഭ നമ്മോട് പറയുന്നത്. ഉയിർപ്പിന്റെ സന്തോഷം നമ്മുടെ ജീവിതത്തിൽ തെളിയണം; സ്വർഗ്ഗാരോഹണത്തിന്റെ പ്രത്യാശ നമ്മുടെ ദർശനമായി മാറണം; പെന്തിക്കോസ്തിയിലൂടെ പരിശുദ്ധാത്മാവ് നമ്മുടെ പ്രവർത്തികളിൽ ശക്തിയായി പ്രവർത്തിക്കണം; ശ്ലീഹാ നോമ്പിന്റെ ആത്മസംയമനം നമ്മുടെ ദിനചര്യയെ വിശുദ്ധിയിലേക്കും സ്നേഹത്തിലേക്കും നയിക്കണം.

ഈ പുണ്യകാലങ്ങളിൽ നമ്മുടെ ഇടവക കൂടുതലായി പ്രാർത്ഥനയിൽ ഒന്നാകാൻ ഇടയാകട്ടെ. തിരുവചനധ്യാനത്തിലൂടെ ശക്തരാകട്ടെ; സ്നേഹവും സേവനവും മുഖാന്തരം ക്രിസ്തുവിന്റെ സാക്ഷികളായി നിലകൊള്ളട്ടെ. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ  ഇടവക ഒന്നടങ്കം വിശ്വാസത്തിലും ഐക്യത്തിലും വളർന്ന് ദൈവമഹത്വത്തിനായി സമർപ്പിക്കപ്പെടട്ടെ.

**Fr. Geevarghese Mathew**
**The Vicar**
**St. George Orthodox Cathedral, Abudhabi**

**ഗ്രീഗോറിയൻ**
**ജൂൺ – 2026**

ഇടവം – മിഥുനം 1201

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
**ലക്കം : 06/2026**

**വെരി. റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. റോബിൻസ് ഡാനിയേൽ**
(സഹ. വികാരി)

**ശ്രീ. അജി കോശി വർഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ. ഷാജി ജോർജ്ജ്**
(ഇടവക സെക്രട്ടറി)


**ശ്രീ. മാത്യു എബ്രഹാം**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. മാത്യൂസ് ജോർജ്**
(ഇടവക പ്രതിനിധി)

പ്രസാധകർ
**ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gulfparumala@gmail.com

*Vicar's Message*



Dearly beloved,

By the grace of Almighty, we are celebrating the "Mini Harvest Festival 2026" with prayers and dedication on 07th day of June, 2026. I would like to extend the warmest greetings to each one of you, for the dedicated service and prayers for the successful completion of the event. As you are aware, from the ancient history to the present, whatever blessings we are receiving from God, we have to be thankful to Almighty God.

May this harvest festival, ignite and invite us to learn much more about the prophetic role of religion calls us, together with the prayers let us involve whole heartedly for the success of our actions. Recently, in one of the dailies it was published that 'the fundamental problems we are facing today derive from religion. Most of the terrorism and counter terrorism in the world are based on religious fanaticism and extreme belief systems '. Around the same time , a faithful of the church shared with me the following view: "We are tired of violence and hate; the world is moving towards moral and spiritual destruction. Only religion can lead humanity to peace and justice, love and reconciliation". While the contradictory perceptions of religion are not new in the history of humanity, the divide has increased noticeably during recent years. Two salient features of religion capture our attention:


1. Religion as both a transforming and destabilizing force: In the 20th century, Marxism in the Soviet Union and Secularism in the west pushed the religion to the periphery of public life. These movements created the general conviction that religion would slowly fade away in the modern world. Instead, religion has re-emerged as a major public player. Many thinkers believe that the 21st century will become the age of religion. The view of the French writer Andre Malraux is well known "the 21st century will be either religious or not be". Religion has made a strong come back. It plays a powerful role in global affairs. It has become an integral part of our daily life, impacting our private lives, our communities and the public spheres of our societies, even in those countries that have traditionally and constitutionally established a clear separation between state and religion. The gap between religion as a belief system and religion as lived by its followers are is growing. A critical and comprehensive assessment of religion's self-understanding and vocation is called for.
2. Religious plurality as a source of both fear and hope: in many parts of the world, the increasing role of religion in public life is accompanied by considerable changes in the religious landscape. Religiously homogeneous societies are becoming multireligious. Now that religions are living in close interaction with each other, religious plurality is no longer merely a conceptual issue. It is an existential issue affecting the very texture of societal life and creating new paradigms, new ways of life, and new self- understanding. It is also shaping multiple relationships and giving rise to multiple belongings within our institutions, our families and even within ourselves. Present ecumenical movements must, first seek a deep and comprehensive theological understanding of religious plurality, one that shapes the very context in which the church is called to witness to God in Christ; second, it must take more seriously inter religious dialogue as a vital dimension of its life and thinking.

With best wishes and regards.

Yours in His service

*With Prayers,*
**Very Rev. Dr.Adv. Shaji George Cor-Episcopos**

# വിശുദ്ധ ശ്ലീഹന്മാരുടെ ജീവിതവും ദർശനങ്ങളും ആധുനിക യുഗത്തിൽ





വി. ശ്ലീഹന്മാരുടെ ജീവിതചര്യകളും അവരുടെ ദൈവശാസ്ത്ര വീക്ഷണങ്ങളും ഇന്നത്തെ അസ്തിത്വ പ്രതിസന്ധികൾക്ക് എങ്ങനെ മറുപടി നൽകുന്നുവെന്നും നമ്മെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും നോക്കാം.

ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെ കാതൽ 'അപ്പോസ്തലികത' (Apostolicity) എന്ന സത്യത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. വി. കുർബാനയിൽ നാം ചൊല്ലുന്ന വിശ്വാസപ്രമാണത്തിൽ 'ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭ' എന്ന് ഏറ്റുപറയുമ്പോൾ, ശ്ലീഹന്മാർക്ക് ലഭിച്ച അതേ വെളിപാടും അനുഭവവും ഇന്നും സഭയിൽ സജീവമായി നിലനിൽക്കുന്നു എന്നാണ് നാം പ്രഖ്യാപിക്കുന്നത്. ആധുനിക ലോകം ആപേക്ഷികതയുടെയും സത്യത്തെക്കുറിച്ചുള്ള സംശയങ്ങളുടെയും പിന്നാലെ പായുമ്പോൾ, അപ്പോസ്തലിക ദർശനം നമുക്ക് നൽകുന്നത് മായംചേർക്കാത്ത ക്രിസ്തുവിജ്ഞാനീയമാണ്. അപ്പോസ്തലനായ വി. യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിന്റെ തുടക്കത്തിൽ എഴുതുന്നു:

'ആദിമുതൽ ഉള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനത്തെക്കുറിച്ച്...' (1 യോഹന്നാൻ 1:1).

ഈ വാക്യം ആധുനിക മനുഷ്യന് നൽകുന്ന സ്വാധീനം വളരെ വലുതാണ്. ക്രൈസ്തവ വിശ്വാസം എന്നത് കേവലം തത്വശാസ്ത്രമല്ല, മറിച്ച് കണ്ണുകൊണ്ട് കാണുകയും കൈകൊണ്ട് തൊടുകയും ചെയ്ത ഒരു ചരിത്ര യാഥാർത്ഥ്യമാണെന്ന് ഇത് ബോധ്യപ്പെടുത്തുന്നു. നാലാം നൂറ്റാണ്ടിലെ പ്രമുഖ സഭാപിതാവായ അലക്സാണ്ട്രിയയിലെ വി. അത്താനാസ്യോസ് On the Incarnation എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നത്, ശ്ലീഹന്മാർ ലോകത്തിന് കൈമാറിയത് വെറുമൊരു ഉപദേശമല്ല, മറിച്ച് മാംസരൂപം പൂണ്ട ദൈവവചനത്തോടുള്ള ജീവസ്സുറ്റ സമ്പർക്കമാണെന്നാണ്.

**വേർതിരിവുകളുടെ ലോകത്തിൽ, കൂട്ടായ്മയുടെ ദൈവശാസ്ത്രം (Koinonia)**

ആധുനിക കാലഘട്ടത്തിന്റെ ഏറ്റവും വലിയ ശാപം വ്യക്തികേന്ദ്രീകൃത ചിന്താഗതിയും ഏകാന്തതയുമാണ്. സോഷ്യൽ മീഡിയ വഴിയുള്ള ആർട്ടിഫിഷ്യൽ കണക്ഷനുകൾക്കിടയിലും മനുഷ്യൻ ഇന്ന് മാനസികമായി ഒറ്റപ്പെട്ടിരിക്കുന്നു. ഇവിടെയാണ് ശ്ലീഹന്മാർ ജീവിച്ചു കാണിച്ച 'കൊയ്നോനിയ' അഥവാ ആത്മീയ കൂട്ടായ്മയുടെ ദർശനം പ്രസക്തമാകുന്നത്.

അപ്പോസ്തലപ്രവൃത്തികൾ ആദ്യകാല സഭയുടെ ജീവചരിത്രമാണ്. അവിടെ നാം വായിക്കുന്നു: 'വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു. തങ്ങൾക്കുള്ളതു ഒക്കെയും പൊതുവക എന്നു എണ്ണി. ജന്മഭൂമികളെയും സമ്പത്തുക്കളെയും വിറ്റു അവനവന്നു ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിട്ടുകൊടുത്തു' (അപ്പോസ്തലപ്രവൃത്തികൾ 2:44-45). ഇത് കേവലം ഒരു സാമ്പത്തിക ക്രമീകരണമല്ല, മറിച്ച് ത്രിത്വൈക ദൈവത്തിന്റെ കൂട്ടായ്മയുടെ ഭൂമിയിലെ ആവിഷ്കാരമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യം എങ്ങനെയാണോ, അതുപോലെ സഭയിലെ ഓരോ അവയവങ്ങളും ഒന്നായിരിക്കണം എന്നതായിരുന്നു അപ്പോസ്തലിക ദർശനം. സഭാപിതാവായ വി. ജോൺ ക്രിസോസ്റ്റം (St. John Chrysostom) തന്റെ അപ്പോസ്തലപ്രവൃത്തികളുടെ വ്യാഖ്യാനങ്ങളിൽ (Homilies on Acts) ഇതിനെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്നുണ്ട്. 'എന്റേത്', 'നിന്റേത്' എന്ന വേർതിരിവുകളാണ് ലോകത്തിൽ സകല യുദ്ധങ്ങൾക്കും തകർച്ചകൾക്കും കാരണം എന്നും, ശ്ലീഹന്മാരുടെ മാതൃക പിന്തുടർന്ന് സഭയെന്ന ശരീരത്തിൽ നമ്മൾ ഒന്നാകുമ്പോൾ മാത്രമേ ആധുനിക ലോകത്തിലെ അസമത്വങ്ങൾക്ക് പരിഹാരമാകൂ എന്നും അദ്ദേഹം പഠിപ്പിച്ചു. ഇന്നത്തെ കൺസ്യൂമറിസ്റ്റ് ലോകത്തിൽ ജീവിക്കുന്ന നമ്മെ, ഉള്ളത് പങ്കുവെക്കാനും സഹോദരന്റെ ഭാരം ചുമക്കാനും ഈ അപ്പോസ്തലിക ദർശനം ആഴത്തിൽ പ്രേരിപ്പിക്കുന്നു.

**കഷ്ടാനുഭവത്തിന്റെ ദൈവശാസ്ത്രവും കുരിശിന്റെ ദർശനവും**

വിജയവും സുഖസൗകര്യങ്ങളും മാത്രം ജീവിതലക്ഷ്യമായി കാണുന്ന Prosperity Gospel ആണ് ഇന്ന് പലയിടത്തും പ്രചരിക്കുന്നത്. കഷ്ടപ്പാടുകളും രോഗങ്ങളും ശാപമാണെന്ന് ആധുനിക ലോകം ചിന്തിക്കുമ്പോൾ, ശ്ലീഹന്മാരുടെ ജീവിതം നമുക്ക് നൽകുന്നത് കുരിശിന്റെയും കഷ്ടാനുഭവത്തിന്റെയും തികച്ചും വ്യത്യസ്തമായ ഒരു ദർശനമാണ്. വി.പൗലോസ് അപ്പോസ്തലൻ തന്റെ കഷ്ടപ്പാടുകളെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നേ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു' (2 കൊരിന്ത്യർ1:5). മാത്രമല്ല, തങ്ങളെ അടിച്ചും പീഡിപ്പിച്ചും വിട്ടയച്ചപ്പോൾ, 'അവന്റെ നാമത്തിനുവേണ്ടി അപമാനം സഹിക്കുവാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ട് സൻഹെദ്രിൻ സംഘത്തിന്റെ മുൻപിൽ നിന്നു പുറപ്പെട്ടുപോന്നു' (അപ്പോസ്തലപ്രവൃത്തികൾ 5:41).

ഓർത്തഡോക്സ് ആത്മീയതയിൽ കഷ്ടാനുഭവം എന്നത് ദൈവകൈവിടുതലല്ല, മറിച്ച് ദൈവതേജസ്സിലേക്കുള്ള (Theosis/Deification) പടവുകളാണ്. അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് (St. Ignatius of Antioch) എന്ന ആദ്യകാല പിതാവ് രക്തസാക്ഷിത്വത്തിലേക്ക് പോകുന്ന വഴിയിൽ എഴുതിയ കത്തുകളിൽ ഇപ്രകാരം പറയുന്നുണ്ട്: 'ഞാൻ ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യനാകേണ്ടതിന് മൃഗങ്ങളുടെ പല്ലുകളാൽ പൊടിക്കപ്പെട്ട് ഗോതമ്പുമണിയായി തീരട്ടെ.'

മാനസിക സമ്മർദ്ദങ്ങളും നിരാശകളും നിറഞ്ഞ ആധുനിക ജീവിതത്തിൽ, പ്രതിസന്ധികളെ വിശ്വാസത്തോടെ നേരിടാനും, പരാജയങ്ങളിലും ക്രിസ്തുവിനെ മുറുകെപ്പിടിക്കാനും ശ്ലീഹന്മാരുടെ ഈ സഹനദർശനം നമ്മെ ശക്തരാക്കുന്നു. കുരിശില്ലാതെ ഉയിർപ്പില്ല എന്ന സത്യം അത് നമ്മെ ഓർമ്മിപ്പിക്കുന്നു.

**ശ്ലീഹന്മാരുടെ ആരാധനാ ദർശനവും ആധുനിക മനുഷ്യന്റെ ആത്മീയ നവീകരണവും**

ആധുനിക ആരാധനാ ശൈലികൾ പലപ്പോഴും വികാരവിസ്ഫോടനങ്ങൾക്കും പ്രകടനപരതയ്ക്കും പ്രാധാന്യം നൽകുമ്പോൾ, ശ്ലീഹന്മാർ നമുക്ക് കാണിച്ചുതന്നത് ശാന്തവും ആഴമേറിയതുമായ കൂദാശാധിഷ്ഠിത (Sacramental) ആരാധനയാണ്. അപ്പോസ്തലന്മാർ ഒത്തുകൂടിയത് പ്രസംഗങ്ങൾ കേൾക്കാൻ മാത്രമല്ല, മറിച്ച് 'അപ്പം നുറുക്കുന്നതിലും പ്രാർത്ഥനയിലും' (അപ്പോസ്തലപ്രവൃത്തികൾ 2:42) നിലനിൽക്കാനാണ്. വി. കുർബാനയായിരുന്നു അവരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു. വി. പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ കർത്താവിന്റെ അത്താഴത്തെക്കുറിച്ച് പരമ്പരാഗതമായി തനിക്ക് ലഭിച്ച ഉപദേശം വ്യക്തമായി കൈമാറുന്നുണ്ട് (1 കൊരിന്ത്യർ 11:23-26).

ആധുനിക കാലത്തെ ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞനായ ജോർജ് ഫ്ലൊറോവ്സ്കി (Fr. George Florovsky) നിരീക്ഷിക്കുന്നത് പോലെ, സഭയുടെ ആരാധന എന്നത് ശ്ലീഹന്മാരുടെ അനുഭവത്തിന്റെ തുടർച്ചയാണ്. നാം വി. കുർബാനയിൽ പങ്കുചേരുമ്പോൾ നമ്മൾ സമയത്തിന് അതീതമായി ഒന്നാം നൂറ്റാണ്ടിലെ ആ അപ്പോസ്തലിക കൂട്ടായ്മയോട് തന്നെയാണ് ചേരുന്നത്. ഇത് ആധുനിക മനുഷ്യന്റെ ആത്മീയ ശൂന്യതയെ മാറ്റുകയും, അവന് നിത്യതയുടെ അനുഭവം ഈ ഭൂമിയിൽ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

**ഉപസംഹാരം: ആധുനിക ലോകത്തിലെ അപ്പോസ്തലിക ദൗത്യം**

വിശുദ്ധ ശ്ലീഹന്മാരുടെ ദർശനം ആധുനിക കാലത്ത് നമ്മെ സ്വാധീനിക്കുന്നത് കേവലം ഒരു ധാർമ്മിക ഉപദേശമായല്ല, മറിച്ച് അത് നമ്മുടെ ജീവിത ശൈലിയെത്തന്നെ മാറ്റിമറിക്കുന്ന ഒന്നായാണ്. ഉപഭോഗസംസ്കാരത്തിന്റെ നടുവിൽ സമർപ്പണവും, സ്വാർത്ഥതയുടെ നടുവിൽ കൂട്ടായ്മയും, സുഖലോലുപതയുടെ നടുവിൽ കുരിശിന്റെ വഴിയും തിരഞ്ഞെടുക്കാൻ ശ്ലീഹന്മാർ നമ്മെ പ്രചോദിപ്പിക്കുന്നു.

ശ്ലീഹന്മാർ തങ്ങളുടെ കാലഘട്ടത്തിലെ പ്രതികൂല സാഹചര്യങ്ങളെ നേരിട്ടത് ജഡികമായ ആയുധങ്ങൾ കൊണ്ടല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയും പ്രാർത്ഥനയും കൊണ്ടാണ്. ആധുനിക യുഗത്തിലെ ആത്മീയ പോരാട്ടങ്ങളിൽ വിജയിക്കാൻ നമ്മൾക്ക് നൽകപ്പെട്ടിരിക്കുന്ന ഏക വഴിയും ഇതുതന്നെയാണ്. അപ്പോസ്തലന്മാർ കാട്ടിത്തന്ന ആ വിശ്വാസ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട്, ലോകത്തിന്റെ അതിരുകളോളം ക്രിസ്തുവിന്റെ ജീവനുള്ള സാക്ഷികളാകാൻ നമുക്ക് സാധിക്കണം. ശ്ലീഹന്മാരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് എപ്പോഴും തുണയായിരിക്കട്ടെ.

**Fr. Robins Daniel**

# ജൂൺ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ


ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ജൂൺ 06




ഔഗേൻ മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്ത (വള്ളിക്കാട്ട് ദയറ)
19ാം ഓർമ്മ

ജൂൺ 06




യുയാക്കീം മാർ ഈവാനിയോസ്
മെത്രാപ്പോലീത്ത (പരുമല പള്ളി)
101ാം ഓർമ്മ

ജൂൺ 19



മാർ യാക്കോബ് ശ്ലീഹ

ജൂൺ 29



മാർ പത്രോസ് പൗലോസ്
ശ്ലീഹൻമാർ

## ഹ്സീറോൻ – ജൂൺ

5. ലോക പരിസ്ഥിതി ദിനം.
6. കരോട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 101-ാം ഓർമ്മ. (പരുമല സെമിനാരി).
   ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 19-ാം ഓർമ്മ. (വള്ളിക്കാട്ട് ദയറാ).
7. **പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായർ.**
11. മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ. ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 137-ാം ഓർമ്മ. (കോട്ടയം പുത്തൻ പള്ളി).
14. **പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ.**
15. X വി. ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ചതിന്റെ ഓർമ്മ.
16. ശ്ലീഹാ നോമ്പ് (13 നോമ്പ്) ആരംഭം.
19. കർത്താവിന്റെ സഹോദരനും, യരുശലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായും, ശ്ലീഹായും, സഹദായും, ആദ്യം വി. കുർബ്ബാന അനുഷ്ഠിച്ചയാളുമായ മാർ യാക്കോബിന്റെ ഓർമ്മ.
21. **പെന്തിക്കോസ്തിക്കുശേഷം നാലാം ഞായർ.**
24. മാർ യോഹന്നാൻ മാംദാനായുടെ ജനനത്തിന്റെ ഓർമ്മ.
28. **പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായർ.**
29. ശ്ലീഹാ നോമ്പ് (13 നോമ്പ്) വീടൽ.
   മാർ പത്രോസ്-മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ.
30. പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ.

## ENGLISH HOLY QURBANA

English Holy Qurbana will be held
On Sunday, June 28

## UMM AL QUWAIN SERVICE

17.06.2026 ബുധനാഴ്ച 7.00 PM ന്
UAQ prayer hall ൽ വെച്ച്
സന്ധ്യാനമസ്കാരവും തുടർന്ന് വിശുദ്ധ
കുർബ്ബാനയും നടത്തപ്പെടുന്നതാണ്

LOCATION

## വി. വേദവായന കുറിപ്പ്

07-June 2nd Sunday after Pentecost St. Mathew 10: 5-16

14-June 3rd Sunday after Pentecost: St. John 6: 35-46

21-June 4th Sunday after Pentecost: St. Luke 10 : 1 - 16

28-June 5th Sunday after Pentecost: St. Luke 9:10-17

29-June Feast of the Twelve Apostles: St. Matthew 20: 1-16

## ജൂൺ 2026 മാസം – ഒറ്റനോട്ടത്തിൽ

1 സന്ധ്യാ നമസ്കാരം
2 സന്ധ്യാ നമസ്കാരം, മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
3 ഉപവാസ പ്രാർത്ഥന/സന്ധ്യാ നമസ്കാരം
4 സന്ധ്യാ നമസ്കാരം, മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
5 സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
6 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
7 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
8 സന്ധ്യാ നമസ്കാരം
9 സന്ധ്യാ നമസ്കാരം, മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
10 ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
11 സന്ധ്യാ നമസ്കാരം, മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
12 സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
13 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
14 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
15 സന്ധ്യാ നമസ്കാരം
16 സന്ധ്യാ നമസ്കാരം , മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ ശ്ലീഹാ നോമ്പ് (13 നോമ്പ്) ആരംഭം
17 ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
18 സന്ധ്യാ നമസ്കാരം , മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
19 സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
20 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
21 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
22 സന്ധ്യാ നമസ്കാരം
23 സന്ധ്യാ നമസ്കാരം , മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
24 ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
25 സന്ധ്യാ നമസ്കാരം , മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
26 സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
27 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
28 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാനശ്ലീഹാ നോമ്പ് (13 നോമ്പ്) വീടൽ മാർ പത്രോസ് മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ
29 സന്ധ്യാ നമസ്കാരം
30 12 ശ്ലീഹന്മാരുടെ ഓർമ്മ/സന്ധ്യാ നമസ്കാരം, മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ

വടക്കൻ പറവൂർ പള്ളി

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday Evening | 6:15 pm | Evening Prayer |
| | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:30 am | Night Prayer, 5.00 am - Morning Prayer |
| | 5:30 am | Holy Qurbana |
| Other Days | 5.30 am | Night Prayer, Morning Prayer |
| | 7.00 pm | Evening Prayer |

# AREA - PRAYER MEETING DETAILS - JUNE 2026

| Sl. No. | Area | Name of the Prayer Group | Day of the Meeting | Hosting By |
|---|---|---|---|---|
| 1 | Ajman- Karama<br>Ajman - Sanaiya | St. Lukes<br>St. Kuriakose | 2 June 2026, 8.30 pm - 9.30 pm | Mr. Eldhose Thadithil Varkey (E-044)<br>Mr. Jiju P George (J-589)<br>Mr. Mathew T I (M-108)<br>Mr. Riju Mathew (R-224)<br>Mr. Samuel Kutty P. Chacko(S-257) |
| 2 | Umm Al Quwain | St. Marks | 3 June 2026, 7.30 pm - 9.00 pm | Well Wisher |
| 3 | Abu Shagarah | St. Thomas | 4 June 2026, 8.30 pm - 9.30 pm | Mr. Jijee George & Family (J-209)<br>Mrs. Reena Chacko & Family (C-038)<br>Mr. Subin Mathew & Family (S-814)<br>Mr. Varghese Daniel & Family (V-034) |
| 4 | Musalla & Al Yarmook | St. Gregorios | 9 June 2026, 8.30 pm - 9.30 pm | Mr. Jasin M Raju (J-592)<br>Mr. Kurian Jacob (K-061)<br>Mr. Jibin George (J-634) |
| 5 | Sharjah Cinema<br>Rolla | St. Peters<br>St. Johns | 11 June 2026, 8.30 pm - 9.30 pm | Well Wisher |
| 6 | Sharq | St. George | 16 June 2026, 8.30 pm - 9.30 pm | Mr.Alex Varghese & Family (A-019)<br>Mr.Siby George & Family (S-260)<br>Mr. Joji C Alexander & Family (J-196)<br>Mr. Alex Koshy & Family (A-250) |
| 7 | Al Nahda<br>Al Wahda<br>Dubai | St. Dionysius<br>St.Mathews<br>St.Ignatius | 18 June 2026, 8.30 pm - 9.30 pm | Mr. Manoj C George (M-136)<br>Mr. Siju Jose Varghees (S-860) |
| 8 | Maisaloon | St. Baselios | 23 June 2026, 8.30 pm - 9.30 pm | Mr. Eldho C Kuriakose: E-040<br>Mr. Reji Varghese: R-246<br>Mr. Shaji Mathew: S-541 |
| 9 | Old Airport | St. Pauls | 25 June 2026, 8.30 pm - 9.30 pm | Mr. Roni Thomas (R-121) |
| 10 | Al Khazamia<br>B.M.W<br>Sharjah University | St. Stephens<br>St. Marys<br>St. Behanans | 25 June 2026, 8.30 pm - 9.30 pm | Mr. Joshuva A John (J-465)<br>Mr. Gicku T Abhraham (G-169) |

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-471 | AIGIN PRASAD | AJS | 055-4432305 |
| A-472 | ALEX KAIMAVEETTIL MATHEW | AWK | 056-3508466 |
| B-483 | BIJO BABU | SRQ | 054-5589390 |
| B-484 | BLESSON P THOMAS | AJS | 055-9153137 |
| C-068 | CHRISTY RENNY VARGHESE | RLA | 056-3785400 |
| J-874 | JIJO ALEX | SJU | 050-5452660 |
| J-875 | JOMON BABY | SRQ | 050-3179016 |
| J-876 | JACOB SAJEEV | AKZ | 0524109682 |
| J-877 | JIBIN THOMAS | MSL | 055-2573183 |
| L-125 | LIJO JACOB | SJU | 054-4090936 |
| N-092 | NITHIN MATHEW | UAQ | 054-4381806 |
| S-937 | SAJI DANIEL | UAQ | 056-7372602 |
| S-938 | SAJAN REJI | SJU | 052-6074795 |
| S-939 | SHARON PHILIP | ABS | 056-4284514 |
| S-940 | SMITHIN VARGHESE | AJS | 050-5357413 |
| S-941 | SANTHOSH TK | AKZ | 054-7879108 |

## യാത്രയയപ്പ്



**JINU JACOB (J-508)**
2014 മുതൽ ഇടവകാംഗം



**SUNIL MATHEW (S-301)**
2007 മുതൽ ഇടവകാംഗം

ഇവർ ഇടവകയ്ക്ക് ചെയ്ത് തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## Orthodox Medical Forum

### PROTECT YOUR KIDNEYS TODAY: SIMPLE STEPS THAT MAKE A BIG DIFFERENCE

**INTRODUCTION TO KIDNEYS :**

The kidneys are vital organs, each weighing about half a pound and roughly the size of an adult fist. Located in the either side of vertebral column and are bean-shaped . Their main functions include removing waste products from our body.The functional unit of the kidney is the nephron, which plays a key role in filtration. A personcan live a normal and healthy life with just one kidney.

**HIDDEN DANGERS: WHAT CAUSES KIDNEY DISEASE? :**

Kidney diseases can happen due to many reasons. The most common causes are diabetesand high blood pressure. Other causes include infections like Recurrent UTI's , kidney stones,family history, and using too many strong medicines like pain killers and antibiotics withoutmedical advice.

**CARE TODAY, STAY HEALTHY TOMORROW: PROTECT YOUR KIDNEYS:**

We can protect our kidneys by taking simple steps. Drink enough water, eat healthy food,reduce salt, and avoid junk food. Do not take medicines without a doctor's advice. Regularexercise and health checkups help in early detection and prevention.

**STAY SAFE & STRONG: SIMPLE WAYS TO REDUCE YOUR RISK:**

To reduce the chances of kidney disease, include healthy foods like fruits, vegetables, andmineral-rich foods in your diet. Maintain a healthy weight, control blood sugar and bloodpressure, and avoid smoking. If you notice symptoms like swelling, tiredness, or changes inurination, it is recommended to consult a doctor early.

**DON'T IGNORE YOUR KIDNEYS: ACT EARLY, STAY HEALTHY:**

Kidney disease can become serious if ignored, but it can be prevented and controlled with earlycare. Simple habits like healthy eating, regular check-ups, and controlling blood pressure and sugarcan protect your kidneys. Pay attention to warning signs and consult a doctor if needed. "Small steps today can keep your kidneys healthy for life."

Reena Sajan
Sheikh Khalifa Medical City,Ajman


**OMF പ്രാർത്ഥനായോഗങ്ങൾ എല്ലാ ശനിയാഴ്ചയും ഓൺലൈനായി വൈകിട്ട് 4 മണി മുതൽ കൂടുന്നതാണ്**

## NURSES DAY CELEBRATION AND SPIRITUAL RETREAT - 2026






വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളിൽ നിന്നും




പെന്തക്കോസ്തി പെരുന്നാൾ ശുശ്രൂഷയിൽ നിന്നും



## AMOSS

AMOSS ഷാർജ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തപെട്ട കാത്തിരുപ്പു ധ്യാനത്തിന് ദുബായ് സെന്റ്. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി റവ. ഫാ. അജു എബ്രഹാം നേതൃത്വം നൽകി.


# OCYM

## തെശ്ബുഹത്തോ 2026




ഡൽഹി ഭദ്രാസന മെത്രാപ്പോലീത്തായിരുന്ന പുണ്യശ്ലോകനായ ജോബ് മാർ പീലക്സിനോസ് തിരുമേനിയുടെ പാവനസ്മരണാർത്ഥം, Dubai St. Thomas Orthodox Cathedral ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മലയാളം–സുറിയാനി ആരാധനാഗീത മത്സരമായ “തെശ്ബുഹത്തോ 2026 ൽ, 13 വർഷങ്ങൾക്കു ശേഷം ആദ്യമായി ഒന്നാം സ്ഥാനം നമ്മുടെ യുവജനപ്രസ്ഥാനം കരസ്ഥമാക്കി.

## പദയാത്ര



മലങ്കരയിലെ പ്രഥമ പരിശുദ്ധൻ, പരുമല കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന പരിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 124-ാമത് ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് മരുഭൂമിയിലെ പരുമലയായ ഷാർജ സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിലെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മൂന്നാമത് പദയാത്ര ഒക്ടോബർ മാസം അവസാനം ഷാർജയിൽ നിന്നു പുറപ്പെട്ടു കൊച്ചി വിമാനത്താവളത്തിൽ എത്തുകയും അവിടെനിന്നും പദയാത്രയായി പരിശുദ്ധന്റെ സവിധത്തിൽ നവംബർ ഒന്നാം തീയതി ഉച്ചക്ക് എത്തിച്ചേരുവാൻ തക്കവണ്ണം ക്രമീകരിക്കുന്നു. ഈ പദയാത്രയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **2026 ജൂലൈ 31ന്** മുൻപായി പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്,. **OCYM** കൗണ്ടറുമായി ബന്ധപെടുക.

Secretary +971 52 299 6920

## ഷാർജ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാഘോഷം

ഷാർജ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ, മലയാളം ക്ലാസ് കുട്ടികളെ ഉൾപ്പെടുത്തി ജൂൺ 6ാം തീയതി പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു.

മലയാളം മിഷൻ

## മലയാളം ഭാഷാപഠനം

**എല്ലാ ശനിയാഴ്ചയും വൈകിട്ട് 4.00 മുതൽ പള്ളിയിൽവെച്ച് നടത്തപ്പെടും.**

June മാസം 21ാം തീയതി 11:00 മണിക്ക് റെഗുലർ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്.

# SUNDAY SCHOOL ANNOUNCEMENTS



A LARGE DELEGATION FROM SHARJAH ATTENDED THE 39TH ANNUAL UAE SUNDAY SCHOOL TEACHERS' CONFERENCE AT ST. DIONYSIUS ORTHODOX CHURCH - AL AIN. THE TEACHERS ENJOYED INSPIRING AND THOUGHT-PROVOKING SESSIONS ON THE THEME "FORMED TO FORM", LED BY REV. FR. DR. VARGHESE VARGHESE – OSSAE DIRECTOR GENERAL.

1) STUDENTS ARE REQUESTED TO GIVE THE ANNUAL REGISTRATION FEE OF DHS 20/- TO YOUR CLASS TEACHER ON OR BEFORE JUNE-7. STUDENTS WHO TOOK NEW ADMISSION IN 2026 DO NOT HAVE TO MAKE THIS PAYMENT.
2) PARENTS ARE REQUESTED TO ENSURE THEIR CHILDREN WEAR STUDENT ID CARDS WHENEVER ENTERING CHURCH COMPOUND. LOST CARDS WILL BE REPLACED AT A CHARGE.
3) OPEN HOUSE FOR THE HALF-YEARLY EXAMS SHALL BE HELD AFTER REGULAR CLASSES ON JUNE-7. OPEN HOUSE TIMINGS SHALL BE: MORNING SHIFT - 12PM TO 12:30PM, EVENING SHIFT - 5:30PM TO 6PM.
4) THERE WILL BE REGULAR SUNDAY SCHOOL CLASS ON JUNE-7 AND JUNE-21. THERE WILL BE NO SUNDAY SCHOOL CLASSES ON JUNE-14 (UNIT-LEVEL COMPETITIONS) AND ON JUNE-28 (TEENS' COUNSELLING & PARENT'S CLASS).
5) ANNUAL UNIT-LEVEL COMPETITIONS SHALL BE HELD AS PER INFORMATION IN HANDBOOK:
   JUNE-14 (FROM 10:30AM) : ENGLISH SOLO, MALAYALAM SOLO, GROUP SONG
   JUNE-28 (FROM 1:30PM) : QUIZ
   RESULTS SHALL BE PUBLISHED ON PARISH NOTICE BOARD AND THROUGH CLASS WHATSAPP GROUPS.
6) ON MAY-24 (PENTECOST), MORNING SHIFT TIMINGS SHALL BE EXTENDED TILL 12:45PM FOR GRADES HP - 3 AND TILL 1PM FOR GRADES 4 - 12.
7) SUNDAY SCHOOL WILL CLOSE FOR SUMMER HOLIDAYS DURING JULY AND AUGUST. REGULAR CLASSES WILL RESUME AFTER HOLIDAYS ONLY ON SEP-6.

# MGOCSM





The regular meeting for the month of May, held on the 24th of May, turned out to be a true insight towards right thinking
A special note of heartfelt gratitude to Mrs. Naima Shahanara. Her valuable insights and inspiring words helped us deeply understand the importance of right thinking, positive perspective, and inner transformation. May God bless us all.

# MARTH MARIYAM VANITHASAMAJAM





മർത്ത്മറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ മാതൃദിനാഘോഷം മേയ് 10 ാം തീയതി വിശുദ്ധ കുർബാനയ്ക്കു ശേഷം വിവിധ പരിപാടികളോടെ നടത്തപ്പെടുകയുണ്ടായി.

മർത്ത്മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് ജൂൺ 14th & 28th തീയതികളിലും, മെഡിക്കൽ സെൽ ജൂൺ 7th & 21st തീയതികളിലും നടത്തപ്പെടുന്നതാണ്.


മരുഭൂമിയിലെ പരുമല
ST. GREGORIOS ORTHODOX CHURCH SHARJAH
ORTHODOX CHRISTIAN YOUTH MOVEMENT
അദുപുറത്തു വർക്കി വർഗ്ഗീസ് (അനപാപ്പി)
മെമ്മോറിയൽ എവറോളിംഗ് ട്രോഫി
UAE ZONAL LEVEL
BADMINTON
TOURNAMENT
DATE
28TH JUNE 2026
XTRA SPORTS
BADMINTON ACADAMY
ഇടവകജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്റേണൽ ടൂർണമെന്റും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്
For More Details :Binu Babu +971 55 464 3354 | Riju Babu +971 52 846 5462


St. Gregorios Orthodox Church
Sharjah
THE LONG-AWAITED
COMEBACK IS
REAL!
OVBS IS BACK!
ORTHODOX VACATION BIBLE SCHOOL
OSSAE-OKR-UAE SUBREGION
OVBS
2026
LET'S COME TOGETHER
TO LEARN, GROW & SHINE IN CHRIST!
GET READY FOR AN
UNFORGETTABLE SPIRITUAL JOURNEY
JUNE 27 – JULY 4, 2026
Theme:
Be mindful
and stay blessed
1 Peter 5:8
BE PART OF
THE OVBS
COMEBACK!
SEE YOU
ON JUNE 27 – JULY 4, 2026!
FAITH • FUN • FRIENDS • FOREVER


St. Gregorios Orthodox Church, Sharjah
Sunday School
and
Orthodox Medical Forum
Jointly present
Screen Time Struggles
Teenagers' Counselling
On
Managing
Screen Time
Elza S. Eype
M.Sc. Psychology, 2nd Rank
Sunday
28th June,
2026
10:30AM
to
12:30PM
Parents' Class
On
Guiding Teens through
a Digital World
Reeba M Oommen
M.Sc. Psychology
Diploma In Special Education


മരുഭൂമിയിലെ പരുമല
ST.GREGORIOS ORTHODOX CHURCH, SHARJAH
"എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ, അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും"
(സങ്കീർത്തനങ്ങൾ 41:1)
GOOD
SAMARITAN
DAY - 2026
Heavenly Voice
a Musical Journey
through Praise &
Worship
7TH JUNE 2026
10.00 AM TO
02.00 PM
Extend your
support for
the Humane
Gesture
Music
Concert by:
Heavenly Voice
Celebrating
10
Glorious Years
FOOD STALLS | STAGE PROGRAMME | AUCTION